IT Practical Examination - 2007
Standard – X

# HTML

1. ടൈറ്റിൽബാറിൽ About me എന്നുവരത്തക്ക രീതിയിൽ ഒരു വെബ്പേജ് നിർമ്മിക്കുക. താഴെക്കൊടുത്തിരിക്കുന്ന നിങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങൾ വ്യത്യസ്ത വരികളിലായി 'Balker' അക്ഷരത്തിൽ അക്ഷരവലിപ്പം 5 നൽകി മുകളിലേക്ക് ചലിക്കുന്ന രീതിയിൽ പ്രദർശിപ്പിക്കുക.

   My Name : നിങ്ങളുടെ പേര് ചേർക്കുക.
   My School : സ്കൂളിന്റെ പേര് ചേർക്കുക
   My Age : നിങ്ങളുടെ വയസ് ചേർക്കുക.

   അനുയോജ്യമായ പശ്ചാത്തല നിറവും അക്ഷര നിറവും നൽകുക.

2. 'Sound Mind in a Sound Body' എന്നു പ്രദർശിപ്പിക്കുന്ന ഒരു വെബ്പേജും 'Practice Good Health Habits' എന്നു പ്രദർശിപ്പിക്കുന്ന മറ്റൊരു വെബ്പേജും നിർമ്മിക്കുക. ഒന്നാമത്തെ പേജിൽ 'Click' എന്ന വാക്കിൽ ക്ലിക്ക് ചെയ്താൽ രണ്ടാമത്തെ പേജ് തുറക്കണം. രണ്ടാമത്തെ പേജിലെ 'Back' എന്ന വാക്കിൽ ക്ലിക്കുചെയ്താൽ ഒന്നാമത്തെ പേജിലേക്ക് തിരിച്ചുവരാൻ സാധിക്കണം. പശ്ചാത്തലത്തിനും അക്ഷരങ്ങൾക്കും അനുയോജ്യമായ നിറം നൽകുക.

3. നിങ്ങളുടെ സ്കൂളിന്റെ പേര് ടൈറ്റിലായി വരത്തക്ക രീതിയിൽ ഒരു വെബ് പേജ് നിർമ്മിക്കുക. അനുയോജ്യമായ ഫോണ്ട് സൈസ്, നിറം, സ്റ്റൈൽ എന്നിവ നൽകി 'Thank You for reading this' എന്ന വാചകം ഇടത്തോട്ട് ചലിക്കുംവിധം പ്രദർശിപ്പിക്കുക. ഇതിനു താഴെയായി Homeലെ Images10ലെ സ്കൂളിന്റെ ചിത്രം ഉൾപ്പെടുത്തുക. പശ്ചാത്തല നിറം നൽകി പേജിനെ ആകർഷകമാക്കുക.

4. Welcome Page എന്ന് ടൈറ്റിലായി വരത്തക്ക രീതിയിൽ ഒരു വെബ് പേജ് നിർമ്മിക്കുക. Welcome You All എന്ന് മുകളിലും With a Hand Full Of........ എന്ന് താഴെയും പ്രദർശിപ്പിക്കുക. Home ലെ Images 10 ൽ ഉള്ള പൂവിന്റെ ചിത്രം ഉൾപ്പെടുത്തി താഴോട്ട് ചലിക്കും വിധം ക്രമീകരിച്ച് മറ്റൊരു പേജും നിർമ്മിക്കുക. ഒന്നാമത്തെ പേജിലെ with a Hand Full Of......... എന്നതിൽ ക്ലിക്ക് ചെയ്യുമ്പോൾ രണ്ടാമത്തെ പേജ് തുറന്ന് വരണം. അക്ഷരത്തിനും പശ്ചാത്തലത്തിനും നിറം നൽകി പേജിനെ ആകർഷകമാക്കുക.

5. 'TREES - THE LUNGS OF EARTH' എന്നു പ്രദർശിപ്പിക്കുന്ന ഒരു വെബ് പേജ് നിർമ്മിക്കുക. ഹോം ഫോൾഡറിലെ Images10 എന്ന ഫോൾഡറിൽ നിന്നും trees.jpg എന്ന ചിത്രം ഉൾപ്പെടുത്തുക. ചിത്രം മുകളിൽ നിന്നു താഴേക്ക് നീങ്ങിക്കൊണ്ടിരിക്കണം. പേജ് ആകർഷകമാക്കണം.

6. ഹോം ഫോൾഡറിലെ Images10 എന്ന ഫോൾഡറിലുള്ള caution.jpg എന്ന ചിത്രം വെബ് പേജിൽ ഉൾപ്പെടുത്തി ഒരു വെബ്പേജ് നിർമിക്കുക. ഹോം ഫോൾഡറിലെ documents എന്ന ഫോൾഡറിലെ warning എന്ന ഫയൽ തുറന്ന് ഉള്ളടക്കം പേജിൽ ചിത്രത്തിനു താഴെ വരുന്ന വിധം copy/paste ചെയ്ത് രണ്ടു ഖണ്ഡികകളായി ക്രമീകരിക്കുക. വെബ് പേജ് ആകർഷകമാക്കുക.

7. ഒരുവെബ് പേജിൽ 'Sunflower' എന്ന വാക്ക് മഞ്ഞ നിറത്തിൽ ബോൾഡായി പ്രദർശിപ്പിക്കുക. മറ്റൊരു വെബ് പേജിൽ സൂര്യ കാന്തിയുടെ ചിത്രവും പദർശിപ്പിക്കുക. (Home ലെ Images 10 ൽ ഈ ചിത്രം ഉണ്ട്) ഒന്നാമത്തെ പേജിലെ Sunflower എന്ന വാക്കിൽ ക്ലിക്ക് ചെയ്യുമ്പോൾ രണ്ടാമത്തെ പേജ് തുറന്ന് വരണം.